**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2582** **17-03-2022 - ൽ മറുപടിയ്ക്ക്**

**ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷ കാലയളവിൽ എന്തെല്ലാം ചെറുകിട ഇടത്തരം വ്യാവസായിക സംരംഭങ്ങളാണ് ആരംഭിച്ചതെന്ന് വിശദമാക്കാമോ; | (എ) | സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലുള്ള സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതികളും നടപടികളുമാണ് വ്യവസായ വാണിജ്യ വകുപ്പ് വഴി സ്വീകരിച്ച് വരുന്നത്. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി ഈ മേഖലയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ DIC MIS പ്രകാരമുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷ കാലയളവിൽ കാർഷികാധിഷ്ഠിത ഭക്ഷ്യ മേഖല, വസ്ത്ര നിർമാണ മേഖല, ജനറൽ എഞ്ചിനീയറിംഗ്, സിമന്റ് അധിഷ്ഠിത മേഖല, തടി അധിഷ്ഠിത മേഖല, പ്രിന്റിങ് & ബന്ധപ്പെട്ട മേഖല, പേപ്പർ അധിഷ്ഠിത മേഖല, വിവര സാങ്കേതികാധിഷ്ഠിത മേഖല തുടങ്ങി വിവിധ മേഖലകളിലുള്ള സംരംഭങ്ങളാണ് പ്രധാനമായും ആരംഭിച്ചിട്ടുള്ളത്. |
| (ബി) | ഉല്പാദന മേഖലയിലും സേവന മേഖലയിലും സൂക്ഷ്മ ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇതിലൂടെ തൊഴിൽ മേഖലയ്ക്ക് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | ഉത്പാദന മേഖലയിലും സേവന മേഖലയിലും സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2016 മെയ് മാസം മുതൽ 2021 ഏപ്രിൽ വരെയുള്ള മുൻ സർക്കാരിന്റെ 5 വർഷക്കാലം DIC MIS പ്രകാരമുള്ള റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 69,138 MSME സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 6,448.81 കോടി രൂപയുടെ നിക്ഷേപവും, 2,45,369 തൊഴിൽ ലഭ്യതയും സംഭവ്യമായിട്ടുണ്ട്. |
| (സി) | മുൻ സർക്കാരിന്റെ കാലത്ത് കൈവരിച്ച നേട്ടങ്ങൾ ഈ മേഖലയിൽ കഴിഞ്ഞ അഞ്ചു വർഷക്കാലം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; | (സി) | കഴിഞ്ഞ അഞ്ചു വർഷക്കാലം എം എസ് എം ഇ മേഖലയുടെ പുരോഗതിയ്ക്കായി നടപ്പിലാക്കിയ വിവിധങ്ങളായ പദ്ധതികളിലൂടെയും നിയമനിർമാണങ്ങളിലൂടെയും ടി മേഖലയിൽ മികച്ച നേട്ടം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട് |
| (ഡി) | ഈ മേഖലയിൽ പുതിയ നിയമ നിർമ്മാണം നടത്തുകവഴി പുരോഗതി കൈവരിക്കാൻ | (ഡി) | 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് |

കഴിഞ്ഞിട്ടുണ്ടോ; കുടിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഫെസിലിറ്റേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടൽ ആയി കെ സ്വിഫ്റ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ- പ്പെടാത്ത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മൂന്നു വർഷത്തേക്ക് സംസ്ഥാന നിയമപ്രകാരം ഉള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽ വഴി മൂന്നുവർഷത്തേക്ക് ഒഴിവാക്കിയിട്ടുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി കെ.എസ്.ഐ.ഡി.സിയുടെ നേതൃത്വത്തിൽ ഒരുകാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളിലെ വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങൾ സുഗമമാക്കുന്നതിനും ഗുരുതരമല്ലാത്ത പിഴവുകൾക്ക് ശിക്ഷ നടപടികൾ ഒഴിവാക്കുന്നതിനുമായുള്ള ഭേദഗതികൾ വരുത്തുവാൻ ഉള്ള നടപടികൾ വകുപ്പ് തലങ്ങളിൽ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെ സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനും ഉള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നുണ്ട്. ജില്ലാ സംസ്ഥാന തലങ്ങളിൽ ഏകജാലക ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വ്യവസായ വാണിജ്യ വകുപ്പ് ഒരു യൂ റ്റ്യൂബ് ചാനൽ ആരംഭിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിലെ വിവിധവകുപ്പുകളുടെ പരിശോധന നടപടികൾ ഏകോപിക്കുന്നതിനുള്ള കേരളാ സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം (K-CIS) നിലവിൽ വന്നിട്ടുണ്ട്. നിക്ഷേപകരുടെ പരാതി പരിഹരിക്കാൻ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സിവിൽ കോടതിയുടെ അധികാരമുള്ള, ജില്ലാ-സംസ്ഥാനതല പരാതി പരിഹാര കമ്മിറ്റികൾ 2021 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശവികസനവും (ഭേദഗതി) ഓർഡിനൻസ് പ്രകാരം നിലവിൽ വന്നിട്ടുണ്ട്. കുടിൽ വ്യവസായങ്ങൾക്കായി വ്യവസായ വാണിജ്യ വകുപ്പ് വഴി പദ്ധതികൾ

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നില്ല.എന്നാൽ വീടിനോട് അനുബന്ധമായി നടത്തുന്ന ഗാർഹിക അതിസൂക്ഷ്മ സംരംഭങ്ങൾക്കായി പ്രത്യേക പലിശ ഇളവ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. 5 എച്ച് പി യോ അതിൽ താഴെയോ വൈദ്യുതി ഉപഭോഗം ഉള്ളതും 10 ലക്ഷത്തിൽ താഴെ സ്ഥിര മൂലധന നിക്ഷേപം വരുന്നതുമായ ഉൽപ്പാദന മേഖലയിലും ജോബ് വർക്ക് വിഭാഗത്തിലും എന്തെങ്കിലും മൂല്യവർദ്ധനവ് നടപ്പിലാക്കുന്ന സേവന മേഖലയിലുമുള്ള സംരംഭങ്ങളെയുമാണ് അതിസൂക്ഷ്മ ഗാർഹിക മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ് അല്ലെങ്കിൽ ഗ്രീൻ വിഭാഗത്തിൽ ഉൾപ്പെടുന്നതുമായിരിക്കണം. |

സെക്ഷൻ ഓഫീസർ